Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

5183- D-2016-KSHO 30.07.2018

## സർക്കുലർ

വിഷയം: കുടുംബശ്രീ - ഭവന നിർമ്മാണ യൂണിറ്റുകൾ - രൂപീകരണം പുതുക്കിയ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1. 11.06.18, 12.06.18 തീയതികളിൽ സംസ്ഥാന മിഷനിൽ വച്ച് ചേർന്ന പ്ലാൻ റിവ്യൂ മീറ്റിംഗിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ആവശ്യപ്പെട്ട ശുപാർശകൾ.
2. 02.06.2018 ന് ലഭ്യമാക്കിയ ഇതേ നമ്പർ സർക്കുലർ.

സൂചന (1) പ്രകാരം ജില്ലകളിൽ നിന്നും ലഭ്യമാക്കിയ ശുപാർശകൾ കണക്കിലെടുത്ത് താഴെ പറയുന്ന രീതിയിൽ മാറ്റങ്ങൾ ഉൾപ്പെടുത്തി 01.07.18 മുതൽ ഗവൺമെന്റ് പദ്ധതിയിൽ ഉൾപ്പെട്ട ഭവനങ്ങൾ നിർമ്മിച്ച്കൊണ്ട് കുടുംബശ്രീ ഭവന നിർമ്മാണ യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. ജില്ലകളിൽ പുതുതായി രൂപീകരിക്കുന്ന ഗൃഹ നിർമ്മാണ യൂണിറ്റുകളുടെ ആദ്യഘട്ട പരിശീലനം അനുബന്ധം (1) പ്രകാരം ലഭ്യമാക്കിയിരിക്കുന്ന പരിശീലന മൊഡ്യൂളിൽ ഉൾപ്പെടുത്തി സൂചന (2) പ്രകാരം പറഞ്ഞിട്ടുള്ള അംഗീകൃത പരിശീലന ഏജൻസികൾ മുഖാന്തിരം പൂർത്തീകരിക്കാവുന്നതാണ്.

2. ജില്ലകളിൽ പുതുതായി രൂപീകരിക്കുന്ന ഗൃഹനിർമ്മാണ യൂണിറ്റുകളുടെ ഗൃഹ നിർമ്മാണ പരിശീലനം, സൂചന (2) ൽ പറഞ്ഞിട്ടുള്ള അംഗീകൃത ഏജൻസികൾ മുഖാന്തിരം പൂർത്തീകരിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രം ജില്ലകളിൽ നിർമ്മാണ മേഖലയിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തന പരിചയമുള്ള മേസണും, മേസണെ സഹായിക്കുന്നതിനായി കയ്യാളും, കൂടാതെ തിയറി വിഷയങ്ങൾ പഠിപ്പിക്കുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനുമായി നിർമ്മാണ പ്രവർത്തന പരിചയമുള്ള ഒരു എഞ്ചിനീയറെ കൂടി ഉൾപ്പെടുത്തി പരിശീലനം നടത്താവുന്നതാണ്. പരിശീലന മൊഡ്യൂൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം (2)

   - മേൽപറഞ്ഞ ആദ്യഘട്ട പരിശീലനം 5 മുതൽ 30 അംഗങ്ങളെ ഉൾപ്പെടുത്തി 40 ദിവസത്തെ മൊഡ്യൂളിൽ ഗവൺമെന്റ് പദ്ധതിയിൽ ഉൾപ്പെട്ട വീട് നിർമ്മിച്ചുകൊണ്ട് പൂർത്തീകരിക്കാവുന്നതാണ്.
   - മേസൺ മുഖാന്തിരം നൽകുന്ന 40 ദിവസത്തെ ആദ്യഘട്ട പരിശീലനം, മേസൺ , മേസണെ സഹായിക്കുന്നതിനായി കൈയ്യാൾ എന്നിവരെ ഉൾപ്പെടുത്തി നടത്തുമ്പോൾ ഒരു മേസണ് ഒരു മണിക്കൂറിന് 125 രൂപ വരെ കണക്കാക്കിയും, കൈയ്യാൾക്ക് മണിക്കൂറിന് 100 രൂപ വരെ കണക്കാക്കിയും 52,000/- രൂപ അധികരിക്കാത്ത തുക അനുവദിച്ച് നൽകാവുന്നതാണ്.

➢ 40 ദിവസത്തെ ആദ്യഘട്ട പരിശീലനത്തിൽ നൽകുന്ന വൈദഗ്ദ്ധ്യ പരിശീലനം, നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്തുന്നതിന് എഞ്ചിനീയർക്കും കൂടാതെ മാനേജ്മെന്റ് മൊഡ്യൂളുകൾ പഠിപ്പിക്കുന്നതിനായി നിയമിക്കുന്ന വിദഗ്ദ്ധർക്ക് മണിക്കൂറിന് 250 രൂപ കണക്കാക്കി 50,000 രൂപയിൽ അധികരിക്കാത്ത രീതിയിൽ തുക വിനിയോഗിക്കാവുന്നതാണ്.

➢ പരിശീലനത്തിന് പങ്കെടുക്കുന്ന അംഗങ്ങൾക്ക് ലഘുഭക്ഷണം (രാവിലെ, വൈകിട്ട്) കൂടാതെ വെജിറ്റേറിയൻ ഉച്ചഭക്ഷണം എന്നിവ നൽകേണ്ടതാണ്. 40 ദിവസത്തേയ്ക്ക് അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് (ഒരാൾക്ക് ഒരു ദിവസം 110/- രൂപയിൽ അധികരിക്കാതെ) യഥാർത്ഥ തുകയ്ക്ക് ആനുപാതികമായി ഡി.എം.സി യുടെ അംഗീകാരത്തോടെ തുക വിനിയോഗിക്കാവുന്നതാണ്.

➢ കൺസ്ട്രക്ഷൻ പരിശീലനത്തിൽ വരുന്ന മറ്റിന ചെലവുകൾക്കായി 6000 രൂപയിൽ അധികരിക്കാത്ത തുക മാറ്റി വയ്ക്കുകയും ടി തുക മെഡിക്കൽ എക്സ്പെൻസ്, ഡോക്യുമെന്റേഷൻ, രജിസ്റ്റർ ബുക്കുകൾ, സ്റ്റേഷനറി പർചേയ്സ്, ബാനർ തുടങ്ങിയ ചെലവുകൾക്ക് ഡി.എം.സി യുടെ അംഗീകാരത്തോടെ മാത്രം തുക ചെലവഴിക്കാവുന്നതാണ്.

➢ പരിശീലനത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് മോട്ടിവേഷൻ, ലീഡർഷിപ്പ് തുടങ്ങിയ പരിശീലനങ്ങൾ നൽകേണ്ടതാണ്. ആയതിലേയ്ക്കായി രണ്ട് ദിവസം ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, ഒരു ക്ലാസ്സിന് 1250 രൂപയിൽ അധികരിക്കാത്ത രീതിയിൽ തുക ചെലവഴിക്കാവുന്നതാണ്.

➢ പരിശീലനത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് യൂണിഫോം, ഹെൽമറ്റ്, ഐ.ഡി.കാർഡ് എന്നിവ ജില്ലാമിഷൻ മുഖാന്തിരം നൽകേണ്ടതാണ്. ഇവ ഓരോന്നിനും താഴെ പറയുന്ന തുകയിൽ അധീകരിക്കാത്ത രീതിയിൽ ചെലവഴിക്കാവുന്നതാണ്.

| ക്രമനമ്പർ | ഇനം | എണ്ണം | തുക (രൂപയിൽ) |
|---|---|---|---|
| 1 | യൂണിഫോം | 1 സെറ്റ് | 400/- |
| 2 | ഐ.ഡി.കാർഡ് | 1 എണ്ണം | 100/- |
| 3 | ഹെൽമറ്റ് | 1 എണ്ണം | 200/- |

മേൽ പറഞ്ഞ പരിശീലന പരിപാടികൾ എൻ.ആർ.എൽ.എം ഫണ്ടിലെ ME17 എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

1. അക്കൗണ്ട്സ് ഓഫീസർ, സംസ്ഥാന മിഷൻ, കുടുംബശ്രീ.
2. എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എയ്ക്ക്

പകർപ്പ്: കരുതൽ/അധികം

ഉത്തരവിൻ പ്രകാരം,

**അക്കൗണ്ട്സ് ഓഫീസർ**